## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകയില്ല. ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും. എങ്കിലും യഹോവയെ അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവുണ്ടാകയില്ല. സങ്കീർത്തനങ്ങൾ 34:10. ഈ ദാവീദ് വൃദ്ധനായപ്പോൾ പറഞ്ഞത്, ' നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി അപ്പം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല'. ദൈവത്തെ സേവിക്കുന്നവർക്ക്, യേശു ഇടയനായിരിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവുണ്ടാകയില്ല എന്നാണ്.

ബാഹ്യവും ശാരീരികവും സാമ്പത്തികവുമായ കാര്യങ്ങൾക്ക് യാതൊരു കുറവുമുണ്ടാകയില്ല എന്നാണ് ഇതിനെ അർത്ഥമാക്കുന്നുവെങ്കിൽ അത് ശരിയായ ചിന്തയല്ല. ഇത് പാടുമ്പോൾ ദാവീദിന്റെ ഹൃദയത്തിലുണ്ടായിരുന്ന ചിന്തയും അനുഭവവും അതായിരിക്കയില്ലെന്നു വ്യക്തമാണ്. എന്തെന്നാൽ 'എനിക്ക് മുട്ടുണ്ടാകയില്ല' എന്നു ഉറപ്പിച്ചു പറഞ്ഞതായ ദാവീദിന്റെ സ്വന്തം അനുഭവം തന്നെ. എത്രയോ പ്രാവശ്യം ആവശ്യത്തിന് ആഹാരമോ കിടക്കുവാൻ ഇടമോ ഇല്ലാതെ അലഞ്ഞു നടക്കേണ്ടി വന്നിട്ടുണ്ട്. ശൗലിനെ ഭയപ്പെട്ട് എവിടെയെല്ലാം ഓടി നടന്നു. തന്റെ പുത്രനായ അബ്ശാലോം തന്നെ തനിക്കെതിരായി തിരിഞ്ഞപ്പോൾ എത്രമാത്രം കഷ്ടപ്പെടുകയും അലയുകയും ചെയ്യേണ്ടിവന്നു.

അങ്ങനെ പല സന്ദർഭങ്ങൾ തന്റെ ജീവിതത്തിലുണ്ടായിരിക്കെ ഇപ്രകാരം പറയുന്നതിന്റെ അർത്ഥം നാം മനസ്സിലാക്കണം. ബാഹ്യമായ കാര്യങ്ങളെ പററിയല്ല യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത്. ബാഹ്യമായ ഒരാളിനുണ്ടാകുന്ന എല്ലാ ഉയർച്ച ആത്മീയാനുഗ്രഹത്തിന്റെ ലക്ഷണമായി കരുതാമോ. ജീവിതത്തിലെ അതിപ്രധാനമായ കാര്യങ്ങൾ ബാഹ്യമായ കാര്യങ്ങളല്ല എന്ന തിരിച്ചറിവ് ആദ്യം ആവശ്യം. ആവശ്യം പോലെ ആഹാരവും വിശേഷവസ്ത്രങ്ങളും മനോഹരമായ വീടും മറെറല്ലാ സൗകര്യങ്ങളുമുള്ള ഒരു വ്യക്തക്ക് സന്തോഷമുണ്ടാകണമെന്നില്ല, സമാധനമുണ്ടായിരിക്കണമെന്നില്ല. നിത്യജീവന് അവകാശിയായിക്കണമെന്ന് നിർബന്ധമില്ല. ആശ്വാസമായും സ്വസ്ഥമായും കിടന്നുറങ്ങുവാൻ കഴിയണമെന്നില്ല.

തുടരും....